പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

## ഗ്രാമീൺ സഡക് യോജന പദ്ധതിയുടെ വർക്കുകൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1511 — 05.12.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.സത്യൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) | |
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ഗ്രാമീൺ സഡക് യോജന പദ്ധതിയുടെ വർക്കുകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേന്ദ്ര നോംസ് അനുസരിച്ച് കേരളത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുള്ള പ്രായോഗിക ബുദ്ധിമുട്ട് കേന്ദ്രത്തെ ബോധ്യപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുക; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്..<br>റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. നിർമ്മാണത്തിന് ആവശ്യമായ ഭൂമി ജനങ്ങളിൽ നിന്നും സൗജന്യമായാണ് ഏറ്റെടുക്കുന്നത്. നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭിക്കും എന്ന ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളുടെ ഉറപ്പിൻമേലാണ് പദ്ധതികൾ കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. എന്നാൽ പദ്ധതി തുടങ്ങുമ്പോൾ പലപ്പോഴും ആവശ്യമായ ഭൂമി ലഭിക്കാറില്ല. പദ്ധതി മാർഗ്ഗരേഖയിലെ ബുദ്ധിമുട്ട് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുകയും ആയത് ഒരളവ് വരെ പരിഹരിച്ചിട്ടുമുണ്ട്. |
| (ബി) | സംസ്ഥാനത്ത് എത്ര പ്രവർത്തികൾ ഇതിനകം ടെണ്ടർ ചെയ്തു കഴിഞ്ഞു; 30% ടെണ്ടർ എക്സസ് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ എത്ര പ്രവർത്തികൾ ഉണ്ട്; എത്ര വർക്കുകൾ ടെണ്ടർ ചെയ്തു; വ്യക്തമാക്കാമോ; | (ബി) | പി.എം.ജി.എസ്.വൈ. പ്രകാരം കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ച മുഴുവൻ പ്രവൃത്തികൾക്കും (1430) സംസ്ഥാന സർക്കാർ ഭരണാനുമതി നൽകി ടെണ്ടർ ചെയ്തിട്ടുണ്ട്.<br><br>നിലവിൽ പി.എം.ജി.എസ്.വൈ 2013 ഷെഡ്യൂൾ നിരക്ക് പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ്സ് ഒന്നും അനുവദിച്ചിട്ടില്ല. എന്നാൽ 2012ലെ PWD നിരക്കുകൾ പ്രകാരം, 2013-ൽ ദർഘാസ് വിളിച്ച പ്രവൃത്തികൾക്ക്, സംസ്ഥാന സർക്കാർ 20% വരെ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്.<br>ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ ചുവടെകാണിച്ചിട്ടുള്ള 2 പ്രവൃത്തികൾ ആണ് ഉള്ളത്. അവയുടെ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്<br>1) രാഗിണിമുക്ക് - വട്ടലിൽ കോളനി<br>2) കുന്നുമ്മൽ – രാഗിണിമുക്ക് |
| (സി) | ഓൺലൈൻ വഴി ടെണ്ടർ ചെയ്യുന്നതിലെ പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ